Draft #5 of File 15885/AD A1-1/2022/AD A1 Approved by DEPUTY REGISTRAR I (ADMIN) on 01-Feb-2022 04:25 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - സിൻഡിക്കേറ്റ് തീരുമാനം - സർവ്വകലാശാലയിലെ ഒരു ജീവനക്കാരിയെ വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ അറസ്റ്റ് ചെയ്ത സംഭവം - വിശദമായ അന്വേഷണം നടത്തുന്നതിന് സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ടും - ടി അനിഷ്ടസംഭവത്തിൻറെ അടിസ്ഥാനത്തിൽ സർവ്വകലാശാല സ്വീകരിക്കേണ്ട അടിയന്തിര തുടർനടപടികളെ സംബന്ധിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1057/AD A1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.02.2022

---

*പരാമർശം:*-1. 31.01.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നം. ഒ.എ.01/22.01

**ഉത്തരവ്**

സർവ്വകലാശാലാ പരീക്ഷാ വിഭാഗത്തിലെ ഇ.ഐ.7 സെക്ഷനിലെ അസിസ്റ്റൻറായ ശ്രീമതി. എൽസി. സി.ജെ.-യെ എം.ബി.എ. മാർക്ക് ലിസ്റ്റ് വിതരണവുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങി എന്ന ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ 29.01.2022 തീയതി ഉച്ചയ്ക്ക് 2.00 മണിയോടുകൂടി വിജിലൻസ് വിഭാഗം അറസ്റ്റ് ചെയ്തിരുന്നു. ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട്, വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ, കോട്ടയം ടി വിവരം കത്ത് മുഖേന രജിസ്ട്രാറെ അറിയിച്ചിരുന്നു. ടി സംഭവത്തിൻറെ ഗുരുതരസ്വഭാവം കണക്കിലെടുത്ത് മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അന്നേ ദിവസം പ്രാബല്യത്തിൽ ശ്രീമതി. എൽസി. സി.ജെ.-യെ സർവ്വകലാശാലാ ചട്ടങ്ങൾക്ക് വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് വൈസ് ചാൻസിലർ ഉത്തരവായിരുന്നു. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് താഴെപ്പറയുന്ന സിന്റിക്കേറ്റ്അംഗങ്ങൾ അടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തുന്നതിന് 31.01.2022 തീയതിയിൽ കൂടിയ സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം, മേൽ പരാമർശം പ്രകാരം തീരുമാനിച്ചു .

1. ശ്രീ. പി. ഹരികൃഷ്ണൻ
2. ഡോ. ബി. കേരള വർമ്മ
3. ഡോ. എ. ജോസ്
4. ഡോ. ഷജില ബീവി എസ്

പ്രസ്തുത സമിതിയുടെ ടേംസ് ഓഫ് റഫറൻസ് താഴെപ്പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

- 2020 ജനുവരി 1 മുതൽ എം.ബി.എ. സെക്ഷനിൽ നടന്ന പരീക്ഷാ സംബന്ധമായ എല്ലാ ജോലികളെയും സംബന്ധിച്ച് .
- പോസ്റ്റ് റിസൾട്ട് കറക്ഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ.
- എം.ബി.എ. സെക്ഷനിലെ മൊത്തം പ്രക്രിയകൾ .
- പരീക്ഷാഭവനിലെ അസ്സിസ്റ്റൻറ്, സെക്ഷൻ ഓഫീസർ തസ്തികകളിൽ ഒരു ജീവനക്കാരൻ തുടരുന്ന കാലഘട്ടങ്ങൾ / സാഹചര്യങ്ങൾ .
- പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടും ആയത് കുട്ടികൾക്ക് യഥാസമയം ലഭ്യമാവാത്തതിൻറെ കാരണങ്ങൾ .
- ഓരോ സെക്ഷനിലേയും പെൻഡിംഗ് ഫയലുകളുടെ സ്റ്റാറ്റസ് .
- മേഴ്സി ചാൻസ് പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുന്ന രീതി.

സർവ്വകലാശാലയിൽ ഉണ്ടായിട്ടുള്ള മേൽപരാമർശ അനിഷ്ട സംഭവത്തിൻറെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തുടർനടപടികൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

1. അന്വേഷണത്തിൻറെ സുതാര്യതയ്ക്ക് വേണ്ടി പ്രസ്തുത എം.ബി.എ. സെക്ഷനിലെ സെക്ഷൻ ഓഫീസറെയും സെക്ഷൻറെ ചുമതലയുള്ള അസിസ്റ്റന്റ് രജിസ്ട്രാറെയും സ്ഥലം മാറ്റി നിയമിക്കുന്നതിന് .
2. മൂന്നു വർഷമോ അതിൽ കൂടുതലോ കാലയളവിൽ ഒരേ സീറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരെ വിവിധ ബ്രാഞ്ചുകളിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നതിനും, മറ്റ് ബ്രാഞ്ചുകളിലെ ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി മൂലം ഇതിനു സാധിക്കാതെ വരുന്ന പക്ഷം ഇത്തരക്കാരെ പരീക്ഷാ വിഭാഗത്തിൽത്തന്നെ സ്ഥലം മാറ്റി നിയമിക്കുന്നതിനും രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് .
3. സർവ്വകലാശാലയിലെ മിഡിൽ ലവൽ മാനേജ്മെൻറിന് ചുമതലപ്പെട്ട സെക്ഷൻ ഓഫീസർമാർ, സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ എന്നിവർ തങ്ങളുടെ ചുമതലകൾ പൂർണ്ണമായും നിർവ്വഹിക്കുന്നു എന്നു ഉറപ്പ് വരുത്തുന്നതിന് ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നതിനും ഇത് സംബന്ധിച്ചുള്ള ബ്രാഞ്ച് ഓഫീസർമാരുടെ കംപ്ലയൻസ് റിപ്പോർട്ട് എല്ലാ മാസത്തെയും സിൻഡിക്കേറ്റ് യോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും .
4. പരീക്ഷാഭവൻറെ ഇടനാഴികളിലും പൊതു ഇടങ്ങളിലും സി.സി.ടി.വി. ക്യാമറകൾ അടിയന്തിരമായി സ്ഥാപിക്കുന്നതിനും മാഗ്നറ്റിക് ഡോറുകൾ സ്ഥാപിക്കുന്നതിനും.
5. ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്.
6. അപേക്ഷ സമർപ്പിച്ച് ദീർഘനാളുകളാവുകയും നാളിതുവരെ പരിഹരിക്കപ്പെടാത്തതുമായ അവസാന സെമസ്റ്റർ മാർക്ക് ലിസ്റ്റ് / കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് / ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവയ്ക്കായുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പു കൽപ്പിച്ചു നൽകുന്നതിനും ഇത് സംബന്ധമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുന്നതിന്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഹാരീസ് പി വൈ

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീ. പി. ഹരികൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം
2. ഡോ. ബി. കേരള വർമ്മ, സിൻഡിക്കേറ്റ് അംഗം
3. ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം
4. ഡോ. ഷജിലാ ബീവി എസ്., സിൻഡിക്കേറ്റ് അംഗം
5. വൈസ് ചാൻസിലർ / പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ. മാർ
7. ജോയിൻറ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
8. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി. സർവ്വകലാശാല
9. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / പി.ആർ.ഒ./ഐ.ടി. സെൽ
10. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 15885/AD A1-1/2022/AD A1 Approved by DEPUTY REGISTRAR I (ADMIN) on 01-Feb-2022 04:25 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം